"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കോവിഡ്-19 ചികിത്സയും പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്ന 2020 ജൂൺ 30-ന് വിരമിച്ച ജീവനക്കാരുടെ സേവനം തുടർന്നും ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1355/2020/ആ.ക.വ** തീയതി,തിരുവനന്തപുരം, 23/07/2020

---

പരാമർശം:- 1) സ.ഉ. (അച്ചടി) നം. 81/2019/ധന തീയതി 09/07/2019.

2) സ.ഉ. (സാധാ) നം. 687/2020/ആ.കു.വ തീയതി 01/04/2020.

3) സ.ഉ. (സാധാ) നം. 819/2020/ആ.കു.വ തീയതി 30/04/2020.

4) സ.ഉ.(സാധാ) നം. 1005/2020/ആ.കു.വ തീയതി 02/06/2020.

5) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16/06/2020 തീയ്യതിയിലെ ഇ.ഡി.(ഡി)-45/2020 /ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

മേൽ പരാമർശിച്ചിരിക്കുന്ന 2,3,4 സർക്കാർ ഉത്തരവുകൾ പ്രകാരം യഥാക്രമം 2020 മാർച്ച് 31-നും, 2020 ഏപ്രിൽ 30-നും, 2020 മെയ് 31-നും വിരമിച്ച ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും കോവിഡ്- 19 ചികിത്സയും പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെട്ടിരുന്ന ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനായി ഇവരെ വിടുതൽ ചെയ്തതിനുശേഷം വിരമിക്കൽ മൂലമുണ്ടായ ഒഴിവുകളിലേക്ക് സ്ഥിര നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ 2020-ജൂൺ 30-വരെയോ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇപ്രകാരം നിയമിക്കപ്പെട്ട ജീവനക്കാരുടെ കാലാവധി 2020 ജൂൺ 30 ന് അവസാനിക്കുകയാണെന്നും നിലവിലെ സാഹചര്യത്തിൽ സ്ഥിരനിയമനം നടത്താൻ സാധിക്കാത്ത മേഖലകളിൽ പരിചയ സമ്പന്നരായ പ്രസ്തുത ജീവനക്കാരുടെ സേവനം തുടർന്നും ലഭിക്കുന്നത് കോവിഡ് - 19 പ്രതിരോധവുമായി ബന്ധപ്പെട്ട സുഗമമായ പ്രവർത്തനങ്ങൾക്ക് സഹായകരമാണെന്നും ആയതിനാൽ പ്രസ്തുത ജീവനക്കാരുടെ സേവനം തുടർന്നും താൽക്കാലിക അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പരാമർശം 5-ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതനുസരിച്ച് 2020 മാർച്ച് 31 നും തുടർന്നുള്ള മാസങ്ങളിലുമായി വിരമിച്ചശേഷം അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമനം ലഭിച്ച്, കോവിഡ്-19 പ്രതിരോധ/ചികിത്സാ പ്രവർത്തനങ്ങൾ ഇപ്പോഴും നടത്തി വരുന്ന ആരോഗ്യ വകുപ്പിലെയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ജീവനക്കാരുടെയും, 2020 ജൂൺ 30 ന് വിരമിച്ച ഇപ്രകാരമുള്ള ജീവനക്കാരുടെയും സേവനം, ഇപ്പോഴത്തെ പ്രത്യേക സാഹചര്യം

കണക്കിലെടുത്ത്, തുടർന്നും ഉപയോഗപ്പെടുത്തുന്നതിനായി, ഇവരുടെ വിരമിക്കൽ മൂലമുണ്ടായ ഒഴിവുകളിലേക്ക്, പ്രൊമോഷൻ വഴിയോ/നേരിട്ടുള്ള നിയമനം വഴിയോ സ്ഥിര നിയമനം നടത്തുന്നത് വരെയോ, പരമാവധി 3 മാസ കാലയളവിലേക്കോ (സെപ്റ്റംബർ 30 വരെ), കോവിഡ്-19 നിർവ്യാപനം നിയന്ത്രണ വിധേയമാകുന്നത് വരെയോ, ഇതിൽ ഏതാണ് ആദ്യം നടക്കുന്നത് അതുവരെ എന്ന നിബന്ധനയിൽ, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിലെ സേവന വേതന വ്യവസ്ഥകൾ പ്രകാരമുള്ള ശമ്പള വ്യവസ്ഥയിൽ, തുടരുന്നതിന്/നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ വിരമിക്കൽ മൂലമുണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പ്രൊമോഷൻ/നേരിട്ടുള്ള നിയമനം വഴി നികത്തുന്നതിനുള്ള സത്വര നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ/മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബി എസ് ബിജു ഭാസ്കർ**
**അഡിഷണൽ സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് / എ & ഇ ) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by ANIL KUMAR D
Date: 2020.07.23 19:31:17 IST
Reason: Approved
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ED(D) 45/20/ ആവശ്യ തീയതി 24.7.20.
പകർപ്പ് അറിവിലേക്കും തുടർനടപടികൾക്കുമായി എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും സ്ഥാപന മേധാവികൾക്കും നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

To
1. എല്ലാ ജി.മെ.ആ. മാർക്കും
2. എല്ലാ സ്ഥാപനമേധാവികളും